KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.87/PR/PIC/PHQ/13 Date : 02.09.2013

# പോലീസ് ആസ്ഥാനത്ത് പൊലീസ് സേനാംഗങ്ങൾക്കായി സർവ്വീസ് ഹെൽപ്പ് ലൈൻ

പോലീസ് സേനാംഗങ്ങൾക്ക് തങ്ങളുടെ സർവ്വീസ് കാര്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ഉന്നയിക്കാനും ഫയൽ നടപടികൾ വേഗത്തിലാക്കാനും ഹെൽപ്പ്ലൈൻ സംവിധാനം ആരംഭിച്ചു. ഇതനുസരിച്ച്, പോലീസ് ആസ്ഥാനത്ത് തീർപ്പുകല്പിക്കേണ്ട തങ്ങളുടെ സർവ്വീസ് കാര്യങ്ങൾ സംബന്ധിച്ച പരാതികൾ ഉദ്യോഗസ്ഥർക്ക് 0471-2315547 എന്ന പ്രത്യേക നമ്പരിൽ വിളിച്ച് ഉന്നയിക്കാം. തിരക്കേറിയ ഔദ്യോഗിക ചുമതലകൾക്കിടയിൽ പലപ്പോഴും പോലീസ് ഉദ്യോഗസ്ഥർക്ക് തങ്ങളുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങൾ നിർവഹിക്കാനും ഫയലുകളിലെ പുരോഗതി അന്വേഷിക്കാനും പോലീസ് ആസ്ഥാനത്തും മറ്റു ഓഫീസികളിലും നിരന്തരം എത്തേണ്ടിവരുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന പരാതികളുടെ അടിസ്ഥാനത്തിലാണ് ഈ നടപടിയെന്ന് സംസ്ഥാന പോലീസ് മേധാവി പറഞ്ഞു.

പോലീസ് ആസ്ഥാനത്തെ എഐജി(പി.ജി) ആയിരിക്കും ഹെൽപ്പ് ലൈൻ സംവിധാനത്തിന്റെ ഓഫീസർ-ഇൻ-ചാർജ്. ഹെൽപ്പ് ലൈനിൽ ലഭിക്കുന്ന പരാതികൾ ഓൺലൈൻ ഫയൽ തീർപ്പാക്കൽ സംവിധാനമായ അയാപ്സ്(iAPS) വഴി ബന്ധപ്പെട്ട സെക്ഷനുകൾക്ക് അതതു ദിവസം തന്നെ എത്തിക്കണമെന്ന് ഉത്തരവിൽ നിർദേശിക്കുന്നു. ആവശ്യമായ സന്ദർഭങ്ങളിൽ, നടപടി കൈക്കൊള്ളേണ്ട ഓഫീസുകളുമായി എഐജി(പി.ജി) നേരിട്ട് ബന്ധപ്പെട്ട് പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നുവെന്ന് ഉറപ്പാക്കണം. പരാതിയിൻമേൽ കൈക്കൊണ്ട നടപടി ബന്ധപ്പെട്ട ഓഫീസർമാർ പരാതിക്കാരെ എസ്എംഎസ്/ മെയിൽ മുഖേന അറിയിക്കണം. എല്ലാ പ്രവൃത്തി ദിവസവും രാവിലെ 10 മണി മുതൽ വൈകിട്ട് 6 മണിവരെ ഹെൽപ്പ് ലൈൻ സേവനം ലഭ്യമായിരിക്കും. പോലീസ് ആസ്ഥാനത്തെ SMS സെന്ററിനാണ് ഈ സംവിധാനം പ്രവർത്തിപ്പിക്കുന്നതിന്റെ ചുമതല. ഹെൽപ്പ് ലൈൻ വഴി ലഭിക്കുന്ന പരാതി പരിഹാരം സംബന്ധിച്ച് പ്രതിവാര റിപ്പോർട്ടുകൾ എഐജി(പി.ജി) സൂപ്പർവൈസറി ഓഫീസറായ എ.ഡി.ജി.പി. ഹെഡ് ക്വാർട്ടേസിന് സമർപ്പിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

The contents of this document may be deemed to be based on received information which is subject to further verification